## കേരള സർക്കാർ
## പൊതു വിദ്യാഭ്യാസ വകുപ്പ്

# പത്താംതരം തുല്യതാ 'എ' ലെവൽ
# 'സേവ് എ ഇയർ പരീക്ഷ'
# മെയ് 2009

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ
പൂജപ്പുര, തിരുവനന്തപുരം - 12.

നമ്പർ.സി.ജനറൽ(1)/1759/2009 സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി : 24/04/2009

# വിജ്ഞാപനം

**വിഷയം : പത്താംതരം തുല്യതാ 'എ' ലെവൽ സേവ് എ ഇയർ (സേ) പരീക്ഷ മെയ് 2009 - സംബന്ധിച്ച്.**

**സൂചന :**

2008 ആഗസ്റ്റിലെ പത്താംതരം തുല്യതാ 'എ' ലെവൽ പരീക്ഷ എഴുതി ഉന്നതപഠനത്തിനോ/ജോലിക്കോ ആവശ്യം വേണ്ട മിനിമം മാർക്കിന് അർഹത ലഭിക്കാതെ പോയ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി സേവ് എ ഇയർ (സേ-SAY) എന്ന പേരിൽ ഒരു പരീക്ഷ നടത്തുന്നതാണ്. 2009 മെയ് 13 -ന് തുടങ്ങി 15-ന് അവസാനിക്കുന്ന വിധത്തിൽ സംസ്ഥാനത്തെ റവന്യൂ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിലാണ് 'സേ' പരീക്ഷ നടത്തുന്നത്.

## I. 'സേ' പരീക്ഷയ്ക്ക് ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ

i) 2008 ആഗസ്റ്റ് മാസത്തിൽ നടത്തിയ പത്താം തരം തുല്യതാ 'എ' ലെവൽ പരീക്ഷ റെഗുലറായി എഴുതിയവർക്ക് മാത്രമേ സേ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ii) പരമാവധി രണ്ട് വിഷയങ്ങൾകൂടി വിജയിച്ചാൽ 2008 ആഗസ്റ്റുമാസത്തിൽ നടത്തിയ പത്താംതരം തുല്യതാ 'എ' ലെവൽ പരീക്ഷ വിജയിക്കുമെന്നുള്ളവർക്ക് പൊതുനിർദ്ദേശം (1) നു വിധേയമായി സേ പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കും

iii) 2008 ആഗസ്റ്റുമാസത്തിൽ നടത്തിയ പത്താം തരം തുല്യതാ പരീക്ഷയ്ക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ രണ്ട് വിഷയങ്ങൾക്കുമാത്രം പരീക്ഷ എഴുതുവാൻ സാധിക്കാതെ വന്ന റഗുലർ പരീക്ഷാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.

iv) 2008 ആഗസ്റ്റ് മാസത്തിൽ നടത്തിയ പത്താം തരം തുല്യതാ പരീക്ഷയ്ക്ക് ലഭിച്ച സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്ത് 'സേ' പരീക്ഷയ്ക്കുവേണ്ടി അപേക്ഷിയ്ക്കേണ്ടതാണ്.

v) വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള തിരഞ്ഞെടുത്ത പരീക്ഷാകേന്ദ്രങ്ങളിൽ മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിക്കാവൂ.

## II. (a) പത്താംതരം തുല്യതാ 'എ' ലെവൽ സേ പരീക്ഷ മെയ് 2009 സമയവിവരപ്പട്ടിക

| തീയതി | സമയം | വിഷയം |
|---|---|---|
| 13.05.2009 ബുധൻ | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് I മലയാളം |
| | 1.45 PM മുതൽ 5.00 PM വരെ | പാർട്ട് I ഇംഗ്ലീഷ് |
| 14.05.2009 വ്യാഴം | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് II ഗണിതം |
| | 1.45 PM മുതൽ 5.00 PM വരെ | പാർട്ട് II സാമൂഹ്യശാസ്ത്രം (ചരിത്രം, പൗരത്വം, ഭൂമിശാസ്ത്രം) |
| 15.05.2009 വെള്ളി | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് II ജനറൽ സയൻസ് (ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) |
| | 1.45 PM മുതൽ 3.30 PM വരെ | പാർട്ട് I ഹിന്ദി |
| | 3.45 PM മുതൽ 5.30 PM വരെ | പാർട്ട് III ഇൻഫർമേഷൻ ടെക്നോളജി |

## III. (a) പരീക്ഷാ ഫീസ്

i) ഒരു വിഷയം മാത്രം - 50 രൂപ

ii) രണ്ടു വിഷയത്തിനുംകൂടി - 100 രൂപ

iii) പരീക്ഷാഫീസ് ചീഫ് സൂപ്രണ്ടുമാർ

സ്വീകരിക്കേണ്ട അവസാന തീയതി - 30.04.2009

iv) സ്വീകരിച്ച പരീക്ഷ ഫീസ് ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ട തീയതി - 02.05.2009

(b) പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാഫീസ് തുകയായോ ചെക്കായോ മറ്റുവിധത്തിലോ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല. പരീക്ഷ എഴുതുന്ന പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ നിശ്ചിത ദിവസത്തിനുള്ളിൽ പരീക്ഷാർത്ഥി പരീക്ഷാഫീസ് പണമായി നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിച്ച തുക **"സെക്രട്ടറി ടു ദ കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12"** എന്ന പേരിൽ തിരുവനന്തപുരത്ത് മാറത്തക്കവിധത്തിൽ അവസാന തീയതി കഴിഞ്ഞാൽ അടുത്ത ദിവസം ചീഫ് സൂപ്രണ്ട് ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കേണ്ടതാണ്

## IV. ഹാൾ ടിക്കറ്റ്

12.05.2009-നു മുൻപായി ഹാൾടിക്കറ്റ് വിതരണം അതാതു സെന്ററുകളിൽ വിതരണം ചെയ്യുന്നതാണ്.

## V. സർട്ടിഫിക്കറ്റ്

സേ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികൾക്ക് ആഗസ്റ്റ് 2008-ലെ സർട്ടിഫിക്കറ്റിനുപകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ചീഫ് സൂപ്രണ്ടുമാർ സേ പരീക്ഷ എഴുതിയവർക്ക് പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപായി അവരുടെ കൈവശമുള്ള 2008 ആഗസ്റ്റിലെ സർട്ടിഫിക്കറ്റ് തിരികെ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ചീഫ് സൂപ്രണ്ടുമാർ പുതുതായി നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം, തിരികെ ലഭിച്ച സർട്ടിഫിക്കറ്റുകളുടെ എണ്ണം അവയുടെ രജിസ്റ്റർ നമ്പരുകൾ എന്നിവ സഹിതം പരീക്ഷാഭവനിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## VI. പുനർമൂല്യ നിർണ്ണയം

സേ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.

## VII. ചീഫ് സൂപ്രണ്ടുമാർക്കുള്ള നിർദ്ദേശങ്ങൾ

അതാതു സ്കൂളിലെ പ്രഥമാദ്ധ്യാപകർ തന്നെയായിരിക്കും സേ പരീക്ഷയുടെ ചീഫ്സൂപ്രണ്ടുമാർ. ചീഫ്സൂപ്രണ്ടുമാർ പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ നിശ്ചിതഫീസിനോടൊപ്പം സ്വീകരിയ്ക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് എഴുതുന്ന വിഷയങ്ങൾ ശരിയെന്നു ബോദ്ധ്യപ്പെടുകയും അസ്സൽ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയും വേണം. അവസാനതീയതിക്കുശേഷം 'എ' ലിസ്റ്റും അപേക്ഷകളും അസ്സൽ സർട്ടിഫിക്കറ്റുകളും ചോദ്യപേപ്പർ സ്റ്റേറ്റുമെന്റും ഡി.ഡി സഹിതം പരീക്ഷാഭവനിൽ നിന്നും എത്തുന്ന ജീവനക്കാർ വശം ഏൽപിക്കേണ്ടതാണ്.

Sd/-
എം.കെ. ശിവൻകുട്ടി
പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി

To
എല്ലാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്കും/പ്രഥമാദ്ധ്യാപകർക്കും

പകർപ്പ് :

1. എല്ലാ പരീക്ഷാ കേന്ദ്രങ്ങളും
2. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
3. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ആഫീസർമാർക്കും
4. ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
5. ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർ
6. എ സെക്ഷൻ
7. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
8. ജോയിന്റ് കമ്മീഷണറുടെ സി.എ
9. സിസ്റ്റം മാനേജർ
10. സൂക്ഷിപ്പ് ഫയൽ

# അനുബന്ധം ബി

## പത്താം തരം എ ലെവൽ 'സേ' പരീക്ഷ മെയ് 2009

## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/ഹൈസ്കൂളിലെയും ട്രെയിനിംഗ് സ്കൂളിലെയും ഹെഡ്മാസ്റ്റർമാർ/എം.പി.മാർ/ എം.എൽ.എ.മാർ/ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസർമാർ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് - സാക്ഷ്യപ്പെടുത്താവുന്നതാണ്)

പരീക്ഷാർത്ഥിയുടെ പേര് :

ജനനതീയതി :

പൂർണ്ണമായ മേൽവിലാസം :

സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

[ ഫോട്ടോ ]

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽവച്ച് ഒപ്പ് ഇടേണ്ടതാണ്).

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്
(ഫോട്ടോയുടെപുറത്ത് ഇടേണ്ടതാണ്. റബ്ബർ സ്റ്റാമ്പ് ഫോട്ടോയിൽ പതിക്കുവാൻ പാടില്ല.)

---

## പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ്

(പത്താം തരം"എ" ലെവൽ തുല്യതാ 'സേ' പരീക്ഷ മെയ് 2009)

രജി.നമ്പർ [ ]

പരീക്ഷാ കേന്ദ്രത്തിന്റെ പേരും കോഡും :

പരീക്ഷാർത്ഥിയുടെ പേര് :

പൂർണ്ണമായ മേൽ വിലാസം :

[ ഫോട്ടോ ]

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽവച്ച് ഒപ്പ് ഇടേണ്ടതാണ്)

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (ഫോട്ടോയുടെപുറത്ത് ഇടേണ്ടതാണ് ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല.)

ഓഫീസ് മുദ്ര

പേരും ഔദ്യോഗിക പദവിയും

പത്താം തരം "എ" ലവൽ തുല്യതാ 'സേ' പരീക്ഷ മെയ് 2009 ലെ പരീക്ഷാർത്ഥിയായ ശ്രീ/ശ്രീമതി ........................................................................................ യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഔദ്യോഗിക പദവിയും

ഓഫീസ് മുദ്ര

## Selected Centres of 10th A Level Equivalency 'SAY' Examination MAY 2009

| Sl. No. | School Code | Examination Centres |
|---|---|---|
| 1 | 11006 | Govt. VHSS for Girls Kasaragodu |
| 2 | 13008 | Govt. Town HSS Kannur |
| 3 | 17001 | Govt. Ganapath HS for Boys Kozhikode |
| 4 | 15027 | GVHS Kalpetta |
| 5 | 18013 | Govt. HS for Boys Malappuram |
| 6 | 21054 | Govt. Moyan Model Girls HSS Palakkad |
| 7 | 22055 | GVHSS for Girls Thrissur |
| 8 | 26035 | Govt. Girls HSS Ernakulam |
| 9 | 29015 | Govt. VHSS Vazhathope |
| 10 | 33042 | MTS HSS Kottayam |
| 11 | 35014 | Govt. HS for Grils Alappuzha |
| 12 | 38057 | Catholicate HSS Pathanamthitta |
| 13 | 41056 | Govt. Model VHSS for Boys Kollam |
| 14 | 43083 | SMV Model HSS Thiruvananthapuram |